**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 296 03.02.2020 - ൽ മറുപടിയ്ക്ക്

## കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഷംസുദ്ദീൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ എക്സിക്യൂട്ടീവ് ഡയറക്ടറുടെ യോഗ്യതയും നിയമനവും സംബന്ധിച്ച് ഏതെങ്കിലും പരാതി/കേസ് കേരള ലോകായുക്തയിൽ നിലനിൽക്കുന്നുണ്ടോ; എങ്കിൽ ഈ പരാതി/കേസ് സംബന്ധിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലോകായുക്ത അന്വേഷണം നടത്തിയിട്ടുണ്ടോ; പ്രസ്തുത കേസിൽ കേരള സാമൂഹ്യ സുരക്ഷാമിഷൻ ലോകായുക്തക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ; | (എ) | ഇല്ല. |
| (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിലേക്ക് നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | കേരള സാമൂഹ്യ സുരക്ഷാ മിഷനിലെ വിവിധ തസ്തികകളി-ലേയ്ക്കുള്ള യോഗ്യതകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. |
| (സി) | പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീ.എസ്.ഷാജി എന്ന ഉദ്യോഗസ്ഥന് വേണ്ടി യോഗ്യതയും | (ബി) | പ്രോഗ്രാം കോർഡിനേറ്റർ തസ്തികയിൽ പത്രപരസ്യം നൽകി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ |

| | | | |
|---|---|---|---|
| | പ്രായപരിധിയും ഇളവ് ചെയ്ത് നൽകിയിട്ടുള്ളത് സർക്കാർ അനുമതിയോടുകൂടിയാണോ; എങ്കിൽ ഇതിന്റെ രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ? | | നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്നാണ് ശ്രീ.എസ്.ഷാജിയെ പ്രോഗ്രാം കോർഡിനേറ്ററായി കരാറടിസ്ഥാനത്തിൽ ആദ്യം നിയമിച്ചിട്ടുള്ളത്. 2016 ഫെബ്രുവരി മാസത്തിൽ കാലാവധി കഴിഞ്ഞതിനെ തുടർന്ന് 18/8/2016 ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ എ 1/3870/16/കെ.എസ്.എസ്.എം. നമ്പർ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ.എസ്.ഷാജിയെ വീണ്ടും കരാർ വ്യവസ്ഥയിൽ നിയമിച്ചു. ടി നിയമനം 9.9.2016 ലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഗവേണിംഗ് ബോഡി യോഗം അംഗീകരിക്കുകയും സർക്കാർ സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ